**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866** **14-01-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വനം വകുപ്പ് മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ വനം വകുപ്പ് മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. *2016-17 വർഷത്തിൽ മാലിപ്പുറം കണ്ടൽ പാർക്ക് നിർമ്മിച്ചു. കൂടാതെ ഞാറയ്ക്കൽ ഫിഷ് ഫാമിൽ 1000 കണ്ടൽ തൈകളും മാലിപ്പുറം ഫിഷ് ഫാമിൽ 1000 കണ്ടൽ തൈകളും അഴീക്കൽ ശ്രീ വരാഹം ഫിഷ് ഫാമിൽ 2400 കണ്ടൽ തൈകളും വച്ചു പിടിപ്പിച്ചു. കുഴുപ്പിള്ളിയിൽ 5000 കണ്ടൽ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു. മാലിപ്പുറം കണ്ടൽ പാർക്ക് ഇക്കോ ടൂറിസം പദ്ധതി പ്രകാരം സൗന്ദര്യവൽക്കരണം നടത്തി *2017-18 വർഷത്തിൽ ഞാറയ്ക്കൽ ഫിഷ് ഫാമിൽ 1100 കണ്ടൽ തൈകളും, വളപ്പ് ബീച്ചിൽ 1350 തൈകളും, ചാപ്പ ബീച്ചിൽ 1300 പുന്ന തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. മാലിപ്പുറം പാർക്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനായി പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തി. തീര സംരക്ഷണ പദ്ധതി പ്രകാരം പുതുവൈപ്പിലെ വളപ്പ് ബീച്ചിൽ 10000 കാറ്റാടി തൈകളും, ചാപ്പ ബീച്ചിൽ 10000 കാറ്റാടി തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. *2018-19 വർഷത്തിൽ പള്ളത്താംകുളങ്ങര ബീച്ച് റോഡ്, ചെറായി ബീച്ച് റോഡ് എന്നിവിടങ്ങളിൽ 250 തൈകൾ നട്ടുപിടിപ്പിച്ചു. വഴിയോരത്തണൽ പദ്ധതി പ്രകാരം ഹെർബെർട്ട് ബ്രിഡ്ജ് റോഡിൽ 50 തൈകളും അണിയിൽ നെടുങ്ങാടി റോഡിൽ 80 തൈകളും നെടുങ്ങാട് ബോട്ട് ജെട്ടി റോഡിൽ 130 തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. *തണ്ണീർത്തട സംരക്ഷണ പദ്ധതി പ്രകാരം അർഹരായവർക്ക് 1 0 ബയോഗ്യാസ് പ്ലാന്റ്, വാട്ടർ ടാങ്ക്, 5 പേർക്ക് ഗ്യാസ് കണക്ഷൻ, തണ്ണീർത്തടം കൂടുതൽ ഉള്ള പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്ക് മീൻകുഞ്ഞുങ്ങൾ തുടങ്ങിയവ നൽകി. *സെന്റ് മേരീസ് എച്ച്.എസ്.എസ്. പള്ളിപ്പുറം, പുതുവൈപ്പ് |

| | | | |
|---|---|---|---|
| | | | എൽ.പി.എസ്, മാലിപ്പുറം എൽ.പി.എസ്. എന്നിവിടങ്ങളിൽ 160 തൈകൾ ബ്ലോക്ക് പ്ലാന്റിംഗ് പദ്ധതി പ്രകാരം നട്ടു പിടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ